# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 1742. 25/03/2013 - ലെ മറുപടിക്ക്**

## ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനത്തിനുള്ള പി. എസ്. സി. വിജ്ഞാപനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി. പി. സജീന്ദ്രൻ | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) | ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനത്തിനുള്ള പി.എസ്.സി വിജ്ഞാപനത്തിൽ ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നരീതിയെക്കുറിച്ചുള്ള വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ; | (എ) | ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനത്തിനുള്ള പി.എസ്.സി വിജ്ഞാപനത്തിൽ ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നരീതിയെക്കുറിച്ച് വ്യവസ്ഥ ചെയ്യുകയോ വിശദീകരിക്കുകയോ ചെയ്തിട്ടില്ല. ഓരോ തസ്തികയുടേയും തെരഞ്ഞെടുപ്പ് പ്രക്രിയ എപ്രകാരം എന്നത് കമ്മീഷനാണ് തീരുമാനിക്കുന്നത്. |
| (ബി) | യോഗ്യതാപരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെ ഒരു ഭാഗം എഴുത്തു പരീക്ഷ, അഭിമുഖം എന്നിവയുടെ ഭാഗമായി വെയിറ്റേജ് നൽകുന്നകാര്യം വിജ്ഞാപനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) | വെയിറ്റേജ് മാർക്കിന്റെ വിശദാംശങ്ങളൊന്നും വിജ്ഞാപനത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല. |
| (സി) | പ്രസ്തുത റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ യോഗ്യതാ പരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെ ഒരു ഭാഗം വെയിറ്റേജായി നൽകുന്നരീതി സ്വീകരിക്കുന്നു എന്നുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | യോഗ്യതാ പരീക്ഷയ്ക്ക് ലഭിക്കുന്ന മാർക്കിന്റെ 50% വെയിറ്റേജായി നൽകി വരുന്നരീതി, വിവിധ സർവ്വകലാശാലയിൽനിന്നും നേടുന്ന മാർക്കിന്റെ അന്തരം നിലനില്ക്കുന്ന |

സാഹചര്യത്തിൽ, മാറ്റം വരുത്തണമെന്നാവശ്യപ്പെട്ട് ധാരാളം പരാതികൾ കമ്മീഷനു ലഭിച്ചിട്ടുണ്ട്.

(ഡി) എങ്കിൽ എന്തടിസ്ഥാനത്തിലാണ് റാങ്ക് ലിസ്റ്റ് നിർണ്ണയിക്കുന്ന രീതിക്ക് മാറ്റം വരുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത പരാതികൾ കമ്മീഷൻ പരിഗണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 04.03.2013 മുതൽ എച്ച്.എസ്.എസ്. റ്റി തസ്തികകൾക്ക് Academic Mark - ന്റെ weightage 50% -ൽ നിന്നും 30% ആക്കി മാറ്റാൻ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.

(ഇ) വിവിധ സർവ്വകലാശാലകളിൽ നിന്ന്പാസായ ഉദ്യോഗാർത്ഥികളുടെ യോഗ്യതാ പരീക്ഷയ്ക്കുള്ള മാർക്കുനിലവാരത്തിൽ വലിയ അന്തരമുള്ളതുകൊണ്ടും ഓരോ സർവ്വകലാശാലയിലും റഗുലർ, ഡിസ്റ്റൻസ് സമ്പ്രദായങ്ങളിൽ ലഭിക്കുന്ന മാർക്ക് നിലവാരങ്ങളിൽ വ്യത്യാസം നിലനിൽക്കുന്നതുകൊണ്ടും വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന രീതിയിൽ റാങ്ക്ലിസ്റ്റ് തയ്യാറാക്കുന്നത് പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

(ഇ) വിജ്ഞാപനത്തിൽറാങ്ക്ലിസ്റ്റ് തയ്യാറാക്കുന്ന രീതി ഉൾക്കൊള്ളിച്ചിട്ടില്ല. വിവിധ സർവ്വകലാശാലകളിലെ റഗുലർ, ഡിസ്റ്റന്റ് വിദ്യാഭ്യാസ സമ്പ്രദായങ്ങളിൽ ലഭിച്ച മാർക്ക് നിലവാരത്തിൽ വ്യത്യാസം നിലനില്ക്കുന്ന സാഹചര്യത്തിൽ വിവിധ പരാതികൾ പരിഗണനയിലെടുത്തുകൊണ്ട് Academic Mark - ന് weightage നൽകുന്നത് 50% -ൽ നിന്നും 30% ആയി കുറയ്ക്കുവാൻ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.